©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| **വാല്യം 6**<br>Vol. VI | **തിരുവനന്തപുരം, ചൊവ്വ**<br>Thiruvananthapuram, Tuesday | **2017 മാർച്ച് 28**<br>28th March 2017<br>**1192 മീനം 14**<br>14th Meenam 1192<br>**1939 ചൈത്രം 7**<br>7th Chaithra 1939 | **നമ്പർ**<br>No. **13** |

## PART III

# Co-operative Department

**ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ടെ നടപടിക്രമം**

(ഹാജർ : ജി. ശ്രീകുമാർ)

നമ്പർ സി.എസ്. 1135/2015. 2017 ഫെബ്രുവരി 21.

വിഷയം:—എ.212-ാം നമ്പർ മണ്ണഞ്ചേരി കൺസ്യൂമർ സഹകരണ സംഘം/ബാങ്ക് ക്ലിപ്തം—സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം പ്രവർത്തനം സമാപ്തീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മണ്ണഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറുടെ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്.

(2) അമ്പലപ്പുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-1-2015-ാം തീയതിയിലെ എം. 609(എ)/2015-ാം നമ്പർ കത്ത്.

(3) ഈ ആഫീസിലെ 15-12-2015-ലെ ഇതേ നമ്പർ നോട്ടീസ്.

മണ്ണഞ്ചേരി കൺസ്യൂമർ സഹകരണ സംഘം/ബാങ്ക് ക്ലിപ്തം നമ്പർ എ.212 ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ മണ്ണഞ്ചേരി ആസ്ഥാനമാക്കി 26-10-1964-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 7-11-1964-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത ഒരു പ്രാഥമിക കൺസ്യൂമർ സഹകരണ സംഘമാണ്. സംഘത്തിന്റെ പ്രവർത്തനപരിധി മണ്ണഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുഴുവനും ആണ്.

സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുള്ള 66-ാം വകുപ്പ് പരിശോധനാ റിപ്പോർട്ടിൽ സംഘം നിർജ്ജീവാവസ്ഥയിലാണെന്നും സംഘത്തിന് സ്വന്തമായി ആഫീസോ ശമ്പളം പറ്റുന്ന ജീവനക്കാരോ ഇല്ലെന്നും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യാതൊരുവിധ പ്രവർത്തികളും സംഘം ഏറ്റെടുത്ത് ചെയ്യുന്നില്ലെന്നും നിർജ്ജീവാവസ്ഥയിൽ തുടരുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും എൻക്വയറി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി സംഘം പ്രവർത്തനം സമാപ്തീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നു

എന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും സൂചന (3) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ടി സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും അംഗങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനത്തിൽ താൽപര്യമില്ലായെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു താല്പര്യവുമില്ലായെന്നും ഇപ്പോഴത്തെ അവസ്ഥയിൽ ടി സംഘം, പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്നുപോകേണ്ട ആവശ്യം ഇല്ലായെന്നും എനിക്ക് ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മണ്ണഞ്ചേരി കൺസ്യൂമർ സഹകരണ സംഘം/ബാങ്ക് ക്ലിപ്തം നമ്പർ എ. 212-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സമാപ്തീകരിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സമാപ്തീകരണ നടപടികൾ നിർവ്വഹിക്കുന്നതിനായി ടി നിയമം വകുപ്പ് (72) പ്രകാരം അമ്പലപ്പുഴ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണ്ണഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സംഘത്തിന്റെ എല്ലാവിധ മുതലുകളുടെയും റിക്കാർഡുകളുടെയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കിപത്രവും അയച്ചുതരേണ്ടതാണ്.

| | |
|---|---|
| സഹകരണ സംഘം ജോയിന്റ് | (ഒപ്പ്) |
| രജിസ്ട്രാർ (ജനറൽ) ആഫീസ്, | ജോയിന്റ് രജിസ്ട്രാർ |
| ആലപ്പുഴ. | (ജനറൽ) (ഇൻ ചാർജ്). |